# നടനപാഠം

[ഡോ. ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*]

**വിരലും** കൈത്തലവും:
ഭംഗി ഭംഗിക്കാത്ത
മനനഗണന മാനദണ്ഡം തഴുകാൻ
ഹസ്തരേഖാരംഗ ക്രേഷ് കോഴ്സ്.

**കണങ്കയ്യിൽ** നീലരക്ത മൃദുലത:
ഇന്ദ്രസ്പർശ വേഷവിതാന
റിഹേഴ്സൽ കേമ്പിലെ
വളവിൽപ്പനക്കാരൻ.

**തുടുമാംസളത** കവരുന്ന അഗാധത:
തൊട്ടു തടവി ആഴ്ന്നിറങ്ങാൻ
ഇരട്ട വേഷത്തിൽ തയ്യലെ കാക്കുന്ന
അളന്നു തൂക്കുന്ന തയ്യൽ സഹായി.

**പാദാരവിന്ദ** സാഷ്ടാംഗ ഭഗവതിസേവ:
അർഘ്യസ്ഥലിക്കിടം തേടി
ചെരുപ്പു കടയിലെ അഭിനേതൃതയിൽ
ഉപേക്ഷയരുതെന്നപേക്ഷ.

**അന്വേഷിച്ചും** കണ്ടുമുട്ടാത്ത സുഗന്ധദ്രവ്യം:
കടയിലെ മുല്ലനീരും അത്തറും
മേലിളക്കി എണ്ണ കുളിക്കുന്ന
നറുമണസ്സോപ്പിന്റെ നുരയും പതയും.
സുറുമക്കടക്കണ്ണ്, ചെഞ്ചുണ്ട്:
കൈപരിശീലനാനുഭവ ആൺവേഷമിളക്കുന്ന
സൌന്ദര്യവർദ്ധക വിൽപ്പനപ്പെണ്ണ്.

**ഒഴിവുവേളയിലെ** ചെമന്ന ചുരുൾക്കർട്ടൻ:
അളന്നിട്ടും അളക്കാത്ത
അഴുകാത്ത അഴകുറ്റ
ഉപരിതല വിസ്തൃതിയുടെ
കണക്കെടുപ്പിന്റെ ഞരമ്പുരോഗമയക്കം.

**മാറിമറയുന്ന** കഥാതന്തു
സഹൃദയത്വം മുറിയുന്ന ശുഷ്ക്കത:
ഹൃദയമിടിപ്പിന്റെ ഉപകരണച്ചെവി
നെഞ്ചിലെ നാഡിബലം അളക്കുന്ന
അവിശ്വസനീയ കടുങ്കയറിലെ
മുറിയാത്ത പകൽമുരൾച്ച.
ഹൃദയശസ്ത്ര വാരിയെല്ലു തുരന്ന്
ചംക്രമണ രഹസ്യ സചിത്രഫയൽ.

**കഥാന്ത്യ** ശുഭപര്യാവസാനം:
വളയത്തിലെ വാക്കുകളിൽ
കോലച്ചുമർപ്പരസ്യം –
നാടകനടേ കവിത്വം!
കാമോദര നിമിത്തം ബഹുകൃത വേഷം!
*************************************************************************